## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2749**

**06.11.2019-ൽ മറുപടിയ്ക്ക്.**

### പാലുത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത നേടുമെന്ന പ്രഖ്യാപനം ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സാധ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| (ബി) എങ്കിൽ അതിനുള്ള കാരണം എന്തൊക്കെയാണ്; | (ബി) കഴിഞ്ഞ രണ്ട് വർഷം തുടർച്ചയായി സംസ്ഥാനത്തുണ്ടായ പ്രളയം ക്ഷീരമേഖലയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. ഇത് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് തടസമായി. 2018 ലെ പ്രളയം മൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ ഇടിവുണ്ടായി. 2019 ലെ പ്രളയം മൂലം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 1.26 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി.<br>2018 ലെ പ്രകൃതിക്ഷോഭത്തിൽ ഏകദേശം 107.5 കോടി രൂപയുടെയും 2019 ലെ പ്രകൃതി ക്ഷോഭത്തിൽ ഏകദേശം 41.75 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ക്ഷീരമേഖലയ്ക്ക് ഉണ്ടായിട്ടുണ്ട്. |
| (സി) 2018-19 സാമ്പത്തിക വർഷം സ്വയംപര്യാപ്തത നേടുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (സി) 2018-19-ൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2 കാലിത്തീറ്റ സബ്സിഡി<br>3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം<br>a) ക്ഷീരഗ്രാമംപദ്ധതി<br>b) അവശ്യാധിഷ്ഠിത സഹായം<br>c) യന്ത്രവത്കരണം<br>d) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>e) ഹീഫർ പാർക്ക്<br>4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ |

ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

ക്ഷീരകർഷകരുടെ പ്രധാനപ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളെയും കർഷകരെയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നുണ്ട്.

2018-19 ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതികൾ 2019-20 ലും തുടരുന്നതാണ്. ഇതിന് പുറമേ ചുവടെ പറയുന്ന പദ്ധതികൾ കൂടി 2019-20 ൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോമ്പോസിറ്റ് ഡയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, ക്ഷീര നവോത്ഥാനം, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ.

(ഡി) ക്ഷീരോത്പാദനത്തിന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധിക ചെലവ് ഇവിടുത്തെ കർഷകർക്ക് ഉണ്ടാകുമെന്നതിനാൽ സംസ്ഥാനത്തെ ക്ഷീര കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(ഇ) തീറ്റ പുൽകൃഷി വ്യാപിപ്പിക്കുന്നതിനും ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഇ) ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപുൽകൃഷി ചെയ്യുന്നതിന് പുൽക്കടകളുടെ വില ഉൾപ്പെടെ 21,500/- രൂപ കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പുൽകൃഷി ചെയ്യുന്നതിന് താത്പര്യമുള്ള കർഷകർക്ക് സൗജന്യമായി പുൽക്കടകളും വിതരണം നടത്തുന്നുണ്ട്.

സർക്കാർ / അർദ്ധസർക്കാർ/സ്വകാര്യ വ്യക്തികൾ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപുൽകൃഷി നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

ക്ഷീരസംഘങ്ങൾ തീറ്റപ്പുല്ല് / വൈക്കോൽ കർഷകർക്ക് സബ്സിഡി നിരക്കിൽ

ലഭ്യമാക്കുന്നതിന് 1 ലക്ഷം രൂപ വരെ സംഘത്തിന് സബ്സിഡി നൽകുന്നതിനും, സംഘങ്ങൾ മുഖേന കുടുംബശ്രീ / സ്വാശ്രയ സംഘങ്ങൾവഴി പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേന കൃത്യമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് പദ്ധതി വിഹിതത്തിന്റെ ഭാഗമായി സംഘത്തിൽ കർഷകർ അളക്കുന്ന പാലിന് ലിറ്ററിന് 1 രൂപ നൽകുകയും കൂടാതെ ബഹു.ഭൂരിഭാഗം ത്രിതല പഞ്ചായത്തുകളിലും ഒരു ലിറ്ററിന് 3 രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**